പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.467 | 24.10.2016 ൽ മറുപടി നല്കേണ്ടത്. |

## എയർ ആംബുലൻസ് പദ്ധതി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.എം. വിൻസെന്റ്<br>,, ഐ.സി.ബാലകൃഷ്ണൻ<br>,, അടൂർ പ്രകാശ്<br>,, വി.എസ്.ശിവകുമാർ** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | മുൻ സർക്കാർ സംസ്ഥാനത്ത് എയർ ആംബുലൻസ് പദ്ധതിക്ക് തുടക്കമിട്ടിട്ടുണ്ടോ; വിശദമാക്കുമോ; | എ) | കേരളത്തിലെ അത്യാസന്നനിലയിലുള്ള രോഗികളെ ഉയർന്ന നിലവാരമുള്ള ആശുപത്രികളിലേക്ക് കൊണ്ടുപോകുന്നതിനും അവയവമാറ്റ ശസ്ത്രക്രിയയെ സഹായിക്കുന്നതിനുമായി മുൻ സർക്കാരിന്റെ കാലത്ത് എയർ ആംബുലൻസ് പദ്ധതി വിഭാവനം ചെയ്തിരുന്നു. |
| ബി) | അവയവങ്ങൾ കൊണ്ടുപോകാനും അതീവ ഗുരുതരാവസ്ഥയിലുള്ള രോഗികളെ വേഗം മറ്റ് ചികിത്സാ സ്ഥലങ്ങളിൽ എത്തിക്കാനും എന്തെല്ലാം സംവിധാനങ്ങളാണ് പദ്ധതി വഴി ലക്ഷ്യമിട്ടിരിക്കുന്നത്; വിവരിക്കുമോ; | ബി) | എയർ ആംബുലൻസ് ഉപയോഗിച്ച് അത്യാസന്നനിലയിലുള്ള രോഗികളെ ഉയർന്ന നിലവാരമുള്ള ആശുപത്രികളിലേക്ക് കൊണ്ടുപോകുന്നതിനും അവയവമാറ്റ ശസ്ത്രക്രിയയെ സഹായിക്കുന്നതിനുമുള്ള ഒരു പദ്ധതിയായിരുന്നു അത്. പദ്ധതി അതിന്റെ പ്രാരംഭദിശയിലായിരുന്നതിനാൽ വിശദമായ പ്രായോഗിക സംവിധാനങ്ങളിലേക്ക് പദ്ധതി എത്തിചേർന്നിരുന്നില്ല. |
| സി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് ധാരണാപത്രം ഒപ്പിട്ടിരുന്നോ; വിശദാംശങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ | സി) | പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള കേരള നെറ്റ് വർക്ക് ഫോർ ഓർഗൻ ട്രാൻസ്ഫറും രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഏവിയേഷൻ |

| | | | |
|---|---|---|---|
| | | | ടെക്നോളജിയും തമ്മിൽ ധാരണാപത്രം ഒപ്പു വയ്ക്കുന്നതിനായുള്ള നടപടികൾ ആരംഭിച്ചിരുന്നു. എന്നാൽ ധാരണാപത്രത്തിലെ ചില വ്യവസ്ഥകൾ ഭേദഗതി ചെയ്യണമെന്ന ധനവകുപ്പിന്റെ നിർദ്ദേശത്തെ തുടർന്ന് സംസ്ഥാനത്തിന്റെ സാമ്പത്തികനിലകൂടി പരിഗണിച്ച് എയർ ആംബുലൻസ് പദ്ധതി നിർത്തിവക്കുകയാണ് ചെയ്തിട്ടുള്ളത്. |
| ഡി) | പദ്ധതി മുന്നോട്ട് കൊണ്ടുപോകാനും കാര്യക്ഷമമായി നടത്താനും എന്തെല്ലാം കാര്യങ്ങളാണ് ചെയ്യാനുദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ? | ഡി) | ഈ പദ്ധതി ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ